പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം
ബുള്ളറ്റിൻ-ഭാഗം II
2019 ഒക്ടോബർ 10.

നം. 722

**അനൗദ്യോഗിക ബില്ലുകളുടെ അവതരണാനുമതി പ്രമേയങ്ങൾക്കും അനൗദ്യോഗിക പ്രമേയങ്ങൾക്കും നോട്ടീസ് നൽകുന്നതിനും അവതരിപ്പിക്കുന്നതിനുമുള്ള നറുക്കെടുപ്പ് സംബന്ധിച്ച സമയക്രമം**

പതിനാലാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിന്റെ കലണ്ടർ പ്രകാരം 2019 നവംബർ 1, 8, 15 എന്നീ തീയതികളിൽ അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സഭയിൽ ചർച്ചയ്ക്ക് വരുന്നതാണെന്ന വിവരം അംഗങ്ങളെ അറിയിക്കുന്നു. ബഹുമാനപ്പെട്ട സ്പീക്കറുടെ, 1993 മേയ് 10- ാം തീയതിയിലെ ഡയറക്ഷൻ നമ്പർ 15 പ്രകാരം ആദ്യ വെള്ളിയാഴ്ച അനൗദ്യോഗിക ബില്ലുകളും തുടർന്നുള്ള ഒന്നിടവിട്ട വെള്ളിയാഴ്ചകളിൽ യഥാക്രമം അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും ചർച്ചയ്ക്ക് വരുന്നതാണ്. അതിൻപ്രകാരം 2019 നവംബർ 1, 15 എന്നീ തീയതികളിൽ അനൗദ്യോഗിക ബില്ലുകൾ അവതരിപ്പിക്കുന്നതിന് അർഹതപ്പെട്ട അംഗങ്ങളുടെ പേരും മുൻഗണനാക്രമവും നറുക്കെടുപ്പിലൂടെ നിർണ്ണയിക്കുന്നതാണ്. നറുക്കെടുപ്പിൽ പേര് ചേർക്കാൻ ആഗ്രഹിക്കുന്ന അംഗങ്ങൾ അതിനായി നോട്ടീസ് (ബിൽ സഹിതം) നൽകേണ്ട അവസാന തീയതിയും നറുക്കെടുപ്പ് നടത്തുന്ന തീയതിയും കാണിക്കുന്ന പട്ടിക താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | അനൗദ്യോഗിക ബില്ലുകൾക്ക് നിശ്ചയിക്കപ്പെട്ടിരിക്കുന്ന ദിവസം | നറുക്കെടുപ്പിൽ ബില്ലുകൾ ചേർക്കുന്നതിന് നോട്ടീസ് നൽകേണ്ട തീയതി | നറുക്കെടുപ്പ് നടത്തുന്ന തീയതി |
|---|---|---|---|
| 1 | 2019 നവംബർ 1, വെള്ളി | 2019 ഒക്ടോബർ 16, ബുധൻ | 2019 ഒക്ടോബർ 24, വ്യാഴം |
| 2 | 2019 നവംബർ 15, വെള്ളി | 2019 ഒക്ടോബർ 30, ബുധൻ | 2019 നവംബർ 7, വ്യാഴം |

മുൻ ഖണ്ഡികയിൽ സൂചിപ്പിച്ച ഡയറക്ഷൻ പ്രകാരം 2019 നവംബർ 8- ാം തീയതി അനൗദ്യോഗിക പ്രമേയങ്ങൾ സഭയിൽ ചർച്ചയ്ക്ക് വരുന്നതാണ്. പ്രസ്തുത ദിവസം പ്രമേയങ്ങൾ അവതരിപ്പിക്കുന്നതിന് അർഹതപ്പെട്ട അംഗങ്ങളുടെ പേരും മുൻഗണനാക്രമവും നറുക്കെടുപ്പിലൂടെ നിർണ്ണയിക്കുന്നതാണ്.

നറുക്കെടുപ്പിൽ അർഹരാകുന്ന ആദ്യത്തെ മൂന്ന് അംഗങ്ങൾക്ക് ഓരോ പ്രമേയത്തിനു വീതം നോട്ടീസ് നൽകാവുന്നതാണ്. നറുക്കെടുപ്പിൽ പേര് ചേർക്കാൻ ആഗ്രഹിക്കുന്ന അംഗങ്ങൾ അതിനായി നോട്ടീസ് നൽകേണ്ട അവസാന തീയതിയും നറുക്കെടുപ്പ് നടത്തുന്ന തീയതിയും നറുക്കെടുപ്പിൽ അർഹരാകുന്ന അംഗങ്ങൾ പ്രമേയത്തിന് നോട്ടീസ് നൽകേണ്ട അവസാന തീയതിയും കാണിക്കുന്ന പട്ടിക താഴെ കൊടുക്കുന്നു.

| അനൗദ്യോഗിക പ്രമേയങ്ങൾക്ക് നിശ്ചയിക്കപ്പെട്ടിരിക്കുന്ന ദിവസം | നറുക്കെടുപ്പിൽ പേര് ചേർക്കുന്നതിന് നോട്ടീസ് നൽകേണ്ട തീയതി | നറുക്കെടുപ്പ് നടത്തുന്ന തീയതി | നറുക്ക് കിട്ടുന്ന അംഗങ്ങൾ പ്രമേയത്തിന് നോട്ടീസ് നൽകേണ്ട തീയതി |
|---|---|---|---|
| 2019 നവംബർ 8 വെള്ളി | 2019 ഒക്ടോബർ 28 തിങ്കൾ | 2019 ഒക്ടോബർ 30 ബുധൻ | 2019 നവംബർ 2 ശനി |

അനൗദ്യോഗിക ബില്ലുകളുടെ/പ്രമേയങ്ങളുടെ മുൻഗണനാക്രമം നിർണ്ണയിക്കുന്നതിനുള്ള നറുക്കെടുപ്പ് മുകളിൽ കൊടുത്തിരിക്കുന്ന പട്ടികകളിൽ പറയുന്ന തീയതികളിൽ വൈകുന്നേരം 4.00 മണിക്ക് ലെജിസ്ലേഷൻ വിഭാഗം ഡെപ്യൂട്ടി സെക്രട്ടറിയുടെ ഓഫീസ് മുറിയിൽ (റൂം. നമ്പർ 408, നിയമസഭാ മന്ദിരം) വച്ച് നടത്തുന്നതാണ്.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,
സെക്രട്ടറി.